ഒർമ്മക്കുറിപ്പ്

വിദ്വാൻ ശ്രീ പിസി ഏബ്രഹാം

ജോൺ ഇളമത

ഒരു കാലഘട്ടം എൻെറ മുമ്പിലൂടെ കടന്നു പേകുന്നു,അറുപതുകളിലെ മദ്ധ്യതിരുവിതാംകൂർ.മലയാളത്തിൽ ഇടത്തരം നസ്രാണികുടുംബങ്ങളിൽ വയനാശീലം,മൺമറഞ്ഞ സാഹിത്യകാരൻ ശ്രീ മുട്ടത്തുവക്കി ഉണ്ടാക്കിയെങ്കിൽ അതിനെക്കെ മുമ്പ് വിശിഷ്യാ നസ്രാണിക്കുടുംബങ്ങളിലേക്ക് കലയുടെ തനിതായ ആവിക്ഷ്ക്കരവുമയി,വിദ്വാൻ ശ്രീ പിസി ഏബ്രഹാം പ്രതിഷ്ഠിക്കപ്പെട്ടു കഴിഞ്ഞിരുന്നു.

കഥാപ്രസംഗകലയുടെ ആചാര്യൻ!അദ്ദേഹമാണ്,മദ്ധ്യതിരുവിതാംകൂറിൽ കഥാപസംഗകലയെ ജനകീയമാക്കിയത്.കഥാപ്രസംഗത്തിൻറ ഉദയം അമ്പലങ്ങളിൽ അരങ്ങേറിയിരുന്ന ഹരികഥാകാലക്ഷേപങ്ങളായിരുന്നു.പിന്നീടവ പുരാണേതിഹാസങ്ങൾ കടന്ന് സാർവ്വ ജനകീയകഥകളിലേക്ക് പടർന്ന്,കഥാകാലക്ഷേപമായി രൂപാന്തരീകം നടന്നിരിക്കണം.പിൽക്കാലത്ത് അത് ശകതിപ്രാപിച്ച് കാലക്ഷേപത്തിനപ്പുറം,സാഹിത്യസദസിൽ തിളങ്ങുന്ന കലയായി ഉയർന്നിരുന്നു ,കഥാപ്രസംഗം എന്ന നാമധേയത്തിൽ.

എന്താണ് കഥാപ്രസംഗം?കഥ അവതരിപ്പിക്കലാണ്,താളമേള ശ്രുതികളാൽ,കാവ്യങ്ങളും ,ഗാനങ്ങളുമയി ചിട്ടടുെത്തി ശ്രോതാക്കളിലേക്ക് ശ്രുതിമധുരമായി പകരുന്ന അനുഭൂതി.അവിടെ അനേകം കലാരൂപങ്ങൾ സമ്മേളിക്കുന്നു.മിമിക്രി,നാടകം,നടനം,പ്രസംഗം,ഹാസ്യം,അങ്ങനെ അങ്ങനെ വിവിധ കലാരൂപങ്ങളെ കോർത്തുകെട്ടി,നവരസങ്ങളിൽ ചാലിച്ച് പുറത്തേക്കൊഴുക്കുന്ന കഥാപ്രസംഗകല,ഒരു കഥക്കനുശ്രുതമായി അവതരിപ്പിക്കുന്നു.ആ കലാരൂപം ഇന്ന് ഏതാണ്ട് അവസ്സാനിച്ചു കൊണ്ടിരിക്കുന്നു.

എത്രയെത്ര കാഥികർ!അക്കാലങ്ങളിലും,അതിനു പിന്നീടും കഥ പറഞ്ഞു ,കൈമാപ്പറമ്പൻ,കെ.കെ.വാദ്ധ്യാർ,കല്ലട കുട്ടി,കെടാമംഗലം,സംബശിവൻ.ഒടുവിൽ 'ചികയുന്ന സുന്ദരിയും,പോത്തുപുത്രിയും'മറ്റും അവതരിപ്പിച്ച് കഥാപ്രസംഗലോകത്തെ പൊട്ടിച്ചിരിപ്പിച്ച കോമാളിയായിരുന്ന ശ്രീ പി.ഡി.രാജപ്പൻ വരെ മൺമറഞ്ഞിരിക്കുന്നു.പിഡി രാജപ്പാനാണ്,മൃഗങ്ങളെയുംപക്ഷിളെയും എന്തിന് പ്രകൃതിയെ തന്നെ ബിംബങ്ങളാക്കി കാഥികലോകത്തൊരു നവോധാനം കൊണ്ടുവന്നതെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു.

ഇനിയും ശ്രീ പി.സി.ഏബ്രഹാം ആരായിരുന്നു എന്ന ഒരു ഓർമ്മയിലേക്കാണ് ഞാൻ സഞ്ചരിക്കുന്നത്.ഒരു നാട്ടുമ്പുറത്തുകാരൻ.അദ്ദേഹം ബാല്യകാലം ചിലവഴിച്ചത് എൻെറ നാട്ടിലായിരുന്നു, കടപ്രമാന്നാർ എന്ന ഗ്രാമത്തിൽ എന്നത് അറിയാൻ കഴിഞ്ഞത്,'ഓർമ്മ യാത്ര ജീവിതം', എന്ന അദ്ദേഹത്തിൻെറ ആത്മകഥയിൽ നിന്നുമാണ് എന്നത് ഇങ്ങനെ ഒന്ന് എഴുതാൻ എന്നെ ഏറെ പ്രേരിപ്പിക്കുന്നു.ഈ ആത്മകഥാകഥനത്തിലൂടെ ശ്രീ പിസി സഞ്ചരിക്കുമ്പോൾ എന്നിലുണരുത് ഒരു കൗമാരകാലനൊസ്റ്റാൾജിയയാണ്.അന്നെനിക്ക് പതിനാലോ പതിനഞ്ചോ പ്രായം കണ്ടേക്കാം.കൗമാരയൗവനങ്ങൾക്കിടയിലുള്ള ഒരുസ്വപ്നാടന പ്രായം!

'കട്ടുറുമ്പു കടിച്ചിട്ടും
കാമുകന്മാരനങ്ങാതെ
സൂസയെ തന്നെ നോക്കി'.......

സൂസന്ന എൻെറ മനസ്സിലൂടെ ഓടി,അല്ലെങ്കിൽ സൂസന്നമാർ!പാവാട പ്രായം കഴിഞ്ഞ് ഡാവണി പ്രായമെത്തിയ സൂസന്നമാർ!അപ്പോൾ എൻെറ കണംകാലിൽ കൊത്തിവലിക്കുന്ന വേദന!,ട്യൂബ്ലൈറ്റിൻെറ പാൽ പ്രകാശത്തിൽ ഞാൻ കണ്ടു.പൃഷ്ടം കറുത്ത ഒരു പുളിയുറമ്പ്, അത് എൻെറ കലിൽ കടിച്ചുപിടിച്ച് ജീവൻമരണ സമരം!അതിനെ പറിച്ചെടുത്ത് ഒറ്റ ഏറ്. നോക്കിയപ്പം അവരുടെ വൻനിര,പന്തിലെ മളംകാലിലൂടെ താഴേക്ക് ജൈത്രയാത്ര ചെയ്യുന്നു.!അപ്പോൾ ഞാനോത്തു:

ഇത്തരം  കട്ടുറുമ്പുകൾ കടിച്ചിട്ടും,കാമുകന്മാരനങ്ങിയില്ലെങ്കിൽ അത്തരം ഒരു സൂസന്നെയെ കാണാൻ എൻെറ മനസ്സും അക്കാലത്ത് കൊതിച്ചു!

ശ്രീ പിസിയുടെ ഘനഗംഭീരമായ മധുരധ്വനി.ഞങ്ങളുടെ ഗ്രാമത്തിൽ പമ്പയാറിൻെറ തീരത്ത് ഗ്രാമീണായനശാലയുടെ ആഭിമുഖ്യത്തിലാണ് പരിപാടി.പഞ്ചായത്ത് പ്രസിഡൻറടക്കം,ധാരാളം വിശിഷ

്ടവ്യക്തികളവിടെ സന്നിഹിതായിരായിരുന്നു.പനമ്പ് കെട്ടിമറച്ച വലിയ പന്തൽ നിറയെ ഗ്രാമവാസികൾ.പരിപടി രാത്രി ഏഴുമണിക്കാരംഭിക്കും.കഥയുടെ ദൈർഘ്യം പോലെ കഥ തീരുമ്പോൾ ചിലപ്പോൾ പാതിരാവോടടുക്കും.അതാ അന്നത്തെ പതിവ്.അതുകൊണ്ട് അമ്മമാർ കൊച്ചുങ്ങളെയും എടുത്ത് പുതപ്പും,തലയിണയും സഹിതമാണ് വരവ്.അന്ന് തീർത്തും ഞാൻ മുണ്ടിൽ കയിറിയിരുന്നില്ല.നിക്കറും,മുന്നിൽ കുടുസുള്ള മുറിക്കയ്യൻ പെൻസി ഉടുപ്പും വേഷം.മുഖത്തവിടവിടെ പൊടിഞ്ഞ മുഖക്കുരു,കറുപ്പുനിഴൽ വിണ മേൽഅധരം,ആകെ കൗമാരത്തിനും ,യൗവനത്തിനുമിടയിലുള്ള ഒരു തരിതരിപ്പു പ്രായമന്നൊക്കെ പറയാം.

പനമ്പു പന്തലിൽ പാൽവെളിച്ചം തൂകി ട്യൂബ് ലൈറ്റുകൾ കത്തി നീളൻവെളിച്ചത്തിൻെറ നിഴലുകൾ പമ്പയാറ്റിലെ കുഞ്ഞോളങ്ങളിൽ തത്തികളിക്കുന്നു.മുളങ്കാലുകളിൽ കെട്ടിയുറപ്പിച്ച കോളാമ്പി മൈക്കുകൾ ആറ്റിലെ ജലപ്പരപ്പുകളിൽ തട്ടി പ്രതിദ്ധ്വനിക്കുന്നു.മുമ്പിൽ ബഞ്ചുകൾ കൂട്ടിയിട്ട് കയറ്റുപായ വിരിച്ച സ്റ്റേജ്.സ്റ്റേജിൽ ശുഭ്രവസത്രധാരിയായ ശ്രീ പിസി ഏബ്രഹാം.സേറ്റജിൻെറമുമ്പിലെ ട്യൂബ് ലൈറ്റിൽ നിന്നു പറന്നുയരന്ന കൊതുകുകൾ,വിട്ടിലുകൾ ,ഈയംപാറ്റകൾ,മറ്റുപ്രാണികൾ.ഇവയൊന്നും വക വെക്കാതെ ചപ്ലാംകട്ട അടിച്ച് ശ്രീ പിസി പാടുന്നു.ചുറ്റിലും ചമ്രം പടഞ്ഞിരിക്കുന്ന മറ്റു കലാകാരന്മാർ, ഫിഡിൽ ,അതിരമ്പുഴ അപ്പച്ചൻ ,ഹാർമോണിയം,ചമ്പക്കുളം ആൻറണി ഭാഗവതർ,മാവേലിക്കര കൃഷ്ണൻകുട്ടി,മൃതംഗം ,ഗോപാലപണിക്കർ,തമ്പല.

കൃസ്ത്യൻ പശ്ചാത്തലത്തിലുള്ള കഥ, സുന്ദരിയായ സൂസന്നയുടെ കഥ അക്കാലങ്ങളിൽ ഗ്രാമവാസികൾക്കും, നഗരവാസികൾക്കും ഏറെ ഹരമായിരുന്നു ,പ്രത്യേകിച്ചുംപ്രണയകഥകൾ!സദസ്യരെ ചിരിപ്പിക്കുന്ന മഹാരസികനായിരുന്നു,ഫിഡിൽ വായിക്കുന്ന അപ്പച്ചൻ!'

'കഥകളിലിങ്ങനെ ഫലിതം പറയും
പലരും പറയും,അതുകൊണ്ടാർക്കും
പരിഭവമരുതെ'.....

എന്ന മുഖവുരയിൽ പിസി ഇടക്ക് ഉപകഥകളിലേക്ക് ഊളിയിടും.പച്ചയായ ഗ്രാമത്തിൻെറ കഥ!

അക്കാലങ്ങളിൽ ഞങ്ങളുടെ ഗ്രാമത്തിൽ നടന്നതോ,നടക്കാനിടയുള്ളതാ ആയ ഒരു പൊട്ടകഥ,കഥപ്രസംഗത്തിനിടെ പിസി തട്ടിവിട്ടു.കഥ ഇങ്ങനെ:

ഗ്രാമത്തിലെ തലതിരിഞ്ഞ ഒരു ചെക്കൻ നാടുവിട്ടു പോയി.കുറേനാൾ പാണ്ടിയിലൊക്കെ പോയി നാട്ടിൽ തിരികെ എത്തി.അവൻെറ വല്ല്യപ്പൻ,ഒരാഭ്യാസിയായിരുന്നു.ആറ്റുതീരത്തു വല്ല്യപ്പൻ കുളിക്കാൻ വളഞ്ഞവടി കുത്തി വന്നു.അപ്പോഴാണ് ചെക്കൻെറ വരവ്.മലയാളം മറന്നു പോയി എന്നു വരുത്തിതീർക്കാൻ ചെക്കൻ വല്ല്യപ്പനോടൊരു കുശലം പറഞ്ഞു:

'അന്തപെരിയപ്പനെന്ന സൗഖ്യമാനാ'!,അഭ്യാസിയും,ക്ഷിപ്രകോപിയുമായ വല്ല്യപ്പൻ,വളഞ്ഞവടിയിൽ അവനെ തോണ്ടി ആറ്റിലേക്കൊരേറ്!

അപ്പച്ചനതു ഫിഡിലിൽ അപ്പാടെ വായിച്ചു,വള്ളിപുള്ളി മാറാതെ!,ജനം പൊട്ടിച്ചിരിച്ചു!

'അന്ത പെരിയപ്പനെന്ന സൗഖ്യമാന'!!